(സി) കേരള വാട്ടർ അതോറിറ്റി 504.22 ലക്ഷം രൂപ സെക്ടർ റിഫോംസ് സ്വജൽധാരാ II കാസർഗോഡ് ജില്ല-5413960 രൂപ, കൊല്ലം ജില്ല 20 ലക്ഷം രൂപ, ജലനിധി-620068 രൂപ

(ഡി) കേരള വാട്ടർ അതോറിറ്റി 1408 സ്കൂളുകളിൽ. സെക്ടർ റിഫോംസ് സ്വജൽധാരാ II കാസർഗോഡ് ജില്ല 26 സ്കൂളുകളിൽ; കൊല്ലം ജില്ല-23 സ്കൂളുകളിൽ; ജലനിധി-150 സ്കൂളുകളിൽ.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

*9 [39] ശ്രീ. വി. ചെന്താമരാക്ഷൻ:
" ടി. കെ. ബാലൻ:
" എം. വി. ഗോവിന്ദൻ മാസ്റ്റർ:
" എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) 2002 മാർച്ച് മാസം മുതൽ അർഹതപ്പെട്ട ശമ്പളപരിഷ്കരണം നീണ്ടു പോകുന്നതിൽ ജീവനക്കാരിൽ അസംതൃപ്തിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ശമ്പള പരിഷ്കരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ശമ്പള പരിഷ്കരണം നീളുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ശമ്പള പരിഷ്കരണത്തിനുവേണ്ടി കമ്മീഷൻ രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു സർക്കാർ തയ്യാറാണ്.

(ബി) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മിക്കവാറും എല്ലാ സർവ്വീസ് സംഘടനകളും ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 'A'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) ആലോചിച്ചിട്ടില്ല.

വാറ്റ് സമ്പ്രദായംമൂലം ഉളവാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ നടപടി

*10 [40] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം പ്രാബല്യത്തിൽ വരുന്നതോടെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ അത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സാധനങ്ങളെയാണ് നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതെന്നും ഏതെല്ലാം സാധനങ്ങൾക്കാണ് നിലവിലുള്ള നികുതിയിൽ വർദ്ധന വുണ്ടാകുന്നതെന്നും വിശദമാക്കുമോ;

(സി) വാറ്റ് സമ്പ്രദായം നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ അടക്കമുള്ളവയ്ക്ക് വിലവർദ്ധനവ് ഉണ്ടാകുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനു പരിഹാരം കാണാൻ സംസ്ഥാന സർക്കാരിന് കേന്ദ്രത്തിൽനിന്നും ഉറപ്പു ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) വാറ്റ് സമ്പ്രദായം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം കേന്ദ്രം പരിഹരിച്ചുതരുന്നത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) വാറ്റ് സമ്പ്രദായം നിലവിൽ വരുമ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നഷ്ടമുണ്ടാകുമെങ്കിലും ആ നഷ്ടം ആദ്യ മൂന്ന് വർഷങ്ങളിൽ കേന്ദ്ര സർക്കാർ താഴെപ്പറയുന്ന നിരക്കിൽ നികത്തുമെന്നാണ് ധാരണയായിട്ടുള്ളത്:

ആദ്യ വർഷം	. .	100% നഷ്ടം നികത്തും
രണ്ടാം വർഷം	. .	75% നഷ്ടം നികത്തും
മൂന്നാം വർഷം	. .	50% നഷ്ടം നികത്തും

(ബി) വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.†

(സി) നിത്യോപയോഗ സാധനങ്ങൾക്ക് വാറ്റ് നിയമം നടപ്പിലാക്കുന്നതുമൂലം വിലവർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നില്ല.

(ഡി) ചോദ്യം ബാധകമല്ല.

(ഇ) കേന്ദ്ര സർക്കാർ ആദ്യത്തെ മൂന്ന് വർഷം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം താഴെപ്പറയുന്ന പ്രകാരം നികത്തുന്നതിന് ധാരണയായിട്ടുണ്ട്.

ആദ്യ വർഷം	. .	100% നഷ്ടം നികത്തും
രണ്ടാം വർഷം	. .	75% നഷ്ടം നികത്തും
മൂന്നാം വർഷം	. .	50% നഷ്ടം നികത്തും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly